ആരോഗ്യകേന്ദ്രങ്ങൾ നിറുത്തൽ

*നമ്പർ.(൪൪) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

തൃശ്ശൂർ ഡിസ്ട്രിക്ടിൽ നിലവിലുള്ള ആരോഗ്യകേന്ദ്രങ്ങൾ നിറുത്തൽചെയ്യുവാൻ ഗവണ്മെൻറ തീരുമാനിച്ചിട്ടുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): ഇല്ല. ആ കാര്യം ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുന്നു.

അഴിമതിനിരോധനബിൽ

*നമ്പർ. (൪൫) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടിപറയുമോ.—

(എ) അഴിമതിനിരോധനബില്ല് എന്നാണ് പാസ്സായത്;

(ബി) അഴിമതി സംബന്ധമായി ഏതെങ്കിലും കേസ്സുകൾ ഇതിനകം കണ്ടുപിടിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്തെല്ലാം;

(ഡി) എന്തു ശിക്ഷയാണ കൊടുത്തിട്ടുള്ളത്?

Chief Minister [**Sri. T. K. Narayana Pillai**]: Answer is not ready.

Sri. A. Thanu Pillai: Is it already answered or that the answer is not ready.

Sri. T. K. Narayana Pillai: I stated that the answer to the question is not ready.

ടൗൺ അലവൻസ്

*നമ്പർ.(൪൬) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പട്ടണങ്ങളിലെ ആശുപത്രികളിൽ ജോലി ചെയ്യുന്ന ഡാക്ടർമാർ മുതലായ ഉദ്യോഗസ്ഥന്മാർക്ക ടൗൺഅലവൻസു കൊടുക്കാറുണ്ടോ; ഉണ്ടെങ്കിൽ എന്തു റെയിറ്റുവച്ചാണ് കൊടുക്കുന്നത്;

(ബി) ഗ്രാമപ്രദേശങ്ങളിലേക്ക പ്രസ്തുത സിൽബന്ധികൾക്ക മാറ്റംകിട്ടുമ്പോൾ ടൗൺഅലവൻസു നിറുത്തൽചെയ്യുന്ന എന്നു കേൾക്കുന്നതിൽ വാസ്തവമുണ്ടോ;

(സി) എന്നാൽ അവരെ വീണ്ടും പട്ടണങ്ങളിലേക്കുതന്നെ സ്ഥലംമാറ്റുമ്പോൾ പ്രസ്തുത അലവൻസ് വീണ്ടും അവക്ക കൊടുക്കാറുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ൧—൭—൫൯ൽ നഗരബത്ത വാങ്ങികൊണ്ടിരുന്നവരും, പ്രസ്തുത തീയതി കഴിഞ്ഞതിൽപിന്നെ ഒരിക്കലും ഗ്രാമപ്രദേശങ്ങളിലേക്ക് മാറ്റപ്പെട്ടിട്ടില്ലാത്തവരും ആയ മുൻ കൊച്ചിഉദ്യോഗസ്ഥന്മാരെ, താഴെ പറയുന്ന ഏതെങ്കിലും നഗരങ്ങളിൽ ജോലിചെയ്യുമ്പോൾ, താഴെ പറയുന്ന നിരക്കിൽ നഗരബത്ത തുടർന്നു വാങ്ങികൊള്ളുന്നതിനു അനുവദിച്ചിട്ടുണ്ട്.

എറണാകുളം	൧൫ ശതമാനം
മട്ടാഞ്ചേരി	ടി

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ ഫ ൦ ശതമാനം

തിരുവനന്തപുരം സംയോജനത്തിനു മുൻപു വാങ്ങിയിരുന്നതിനെ ആസ്പദമാക്കി പതിനഞ്ചോ, പത്തോ ശതമാനം.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ഒരിക്കൽ ഗ്രാമപ്രദേശത്തേക്കു മാറിയിട്ടു പിന്നേയും തിരിയെ നഗരത്തിലേക്കു മാറുമ്പോൾ, പ്രസ്തുത ഉദ്യോഗസ്ഥന്മാരെ ഫ— ഴ—ൻസ്—ൽ നഗരബത്ത വാങ്ങിയിരുന്ന ഉദ്യോഗസ്ഥന്മാരായിട്ടുമാത്രമേ പരിഗണിക്കുവാൻ പാടുള്ളൂ. കൂടാതെ നഗരബത്ത ഇപ്പോൾ കൊടുത്തുവരുന്നതു്, ശമ്പളക്രമീകരണം നടപ്പിൽവരുന്നതുവരെയുള്ള ഒരു താൽക്കാലിക പദ്ധതിമാത്രമായിട്ടാണു്.

പാവ്വത്യകാരന്മാർ

*നമ്പർ ൦. (രവ്വ) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) മുന്നുകൊല്ലങ്ങളിൽ കൂടുതൽ ഒരേ സ്ഥലത്തു തുടർച്ചയായി ജോലിചെയ്യുന്ന എത്ര പാവ്വത്യകാരന്മാർ ഈ സംസ്ഥാനത്തുണ്ടെന്നു പറയുമോ;

(ബി) മുന്നുകൊല്ലങ്ങളിൽ കൂടുതൽ ഒരേ സ്ഥലത്തു് ഈ ജീവനക്കാരെ ജോലിചെയ്യുന്നതിനനുവദിക്കുന്നതു പല അഴിമതികൾക്കും ക്രമക്കേടുകൾക്കും കാരണമാകുന്നുണ്ടെന്നു ഗവൺമെൻറിനു് അറിയാമോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഒന്നു.

(ബി) അറിവില്ല.

ശ്രീ. അലക്സാണ്ടർ വാകയിൽ: മുന്നുകൊല്ലത്തിൽ കൂടുതൽ പാവ്വത്യകാരന്മാർ ഒരേ സ്ഥലത്തുതന്നെ തുടരുന്നതുകൊണ്ടു് അവരെപ്പറ്റി പരാതി ഉണ്ടെന്നുള്ള സംഗതി അറിയാമോ?

ശ്രീ. എ. ജെ. ജാൺ: പരാതി ഉണ്ടെങ്കിൽ അന്വേഷിക്കാം.

ശ്രീ. അലക്സാണ്ടർ വാകയിൽ: നേരിട്ടു അന്വേഷണം നടത്തുമോ?

ശ്രീ. എ. ജെ. ജാൺ: പരാതി ഗവൺമെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നാൽ അന്വേഷിക്കാം.

ശ്രീ. പി. നാണു: ഒന്നു പേരെയും ഒരേ സ്ഥലത്തുതന്നെ അതായതു അവർ ഇരിക്കുന്ന സ്ഥലത്തുതന്നെ പിന്നെയും വച്ചുകൊണ്ടിരിക്കുന്നതിനു് പ്രത്യേക കാരണങ്ങൾ ഉണ്ടോ?

ശ്രീ. എ. ജെ. ജാൺ: പ്രത്യേക കാരണം ഒന്നും ഇല്ല.

ശ്രീ. പി. നാണു: മുന്നുകൊല്ലം കഴിഞ്ഞാൽ അവരെസ്ഥലം മാറണമെന്നു് സർക്കുലർ ഉണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഇല്ല.

മെഡിക്കൽ കൗൺസിൽ

*നമ്പർ ഫ. (ഇ ഫ) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തു ഇപ്പോൾ മെഡിക്കൽ കൗൺസിൽ ഉണ്ടോ; ഉണ്ടെങ്കിൽ അംഗങ്ങൾ ആരെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly